**A** **802**

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2022–23

**ക്ലാസ് : 8** **മലയാളം** സമയം : 1½ മണിക്കൂർ

**കേരളപാഠാവലി** ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം.** **(4 x 1 = 4)**

1. "വാർമഴവില്ലാകും നിൻ മാണിക്യമാലയും പൊൻമിന്നൽക്കാഞ്ചിയും കണ്ടേൻ."
   മാണിക്യമാല എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?
   - മാണിക്യവും മാലയും
   - മാണിക്യമാകുന്ന മാല
   - മാണിക്യംകൊണ്ടുള്ള മാല
   - മാണിക്യം എന്ന മാല

2. താഴെ നൽകിയവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?
   - ഒറ്റയൊറ്റ – ഒറ്റ, ഒറ്റ
   - ജനശൂന്യമായ – ജനശൂന്യം, മായ
   - ശാന്തനായി – ശാന്ത, ആയി
   - വിറയ്ക്കുന്നതായി – വിറയ്ക്കുന്ന, ആയി

3. "വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
   വിശ്വമനോഹരഭാഷയുണ്ടോ."
   (മാണിക്യവീണ)
   ഈ വരികളിൽ സൂചിപ്പിക്കുന്ന ആശയം എന്ത്?
   - ലോകത്തിലെ ഏറ്റവും മനോഹരമായ ഭാഷ മലയാളമാണ്.
   - മലയാളത്തേക്കാൾ മികച്ച ഭാഷ വേറെയുണ്ട്.
   - മാതൃഭാഷയുടെ മനോഹാരിതയെക്കുറിച്ച് കവിക്ക് ഉറപ്പില്ല.
   - മലയാളത്തെ ജയിക്കുന്നത് വിശ്വമനോഹരഭാഷയാണ്.

4. "ഉമ്മ വിളമ്പിയ ചോറിന്നു മുൻപിൽ ഞാൻ
   ചുമ്മാ <u>മുഖം കറുപ്പിച്ചിരുന്നു</u>."
   (വേദം)
   അടിവരയിട്ട പ്രയോഗത്തിന്റെ കാവ്യസന്ദർഭത്തിലെ അർഥം എന്ത്?
   - മുഖം മറച്ചിരുന്നു.
   - മുഖത്ത് ക്ഷീണമുണ്ടായിരുന്നു.
   - കോപം ഭാവിച്ചിരുന്നു.
   - ചോറ് കിട്ടാത്തതിലുള്ള സങ്കടം.

5. "പാർത്തിരിയാതെ പറന്നുപോമിക്കാറ്റത്തെന്നുൾക്കാമ്പി-
ലോർത്തൊരു തുരപ്പിനുള്ളിലൊളിച്ചന്യോന്യം
കോർത്തു കൈകൾ പിടിച്ചതും..."

(സാന്ദ്രസൗഹൃദം)

ഈ കാവ്യസന്ദർഭത്തിന് ഏറ്റവും യോജിക്കുന്ന പഴഞ്ചൊല്ല് ഏത്?

- ഒരു കലം ചോറിന് ഒരു വറ്റ്
- ഒരുറക്കംകൊണ്ട് നേരം വെളുക്കുകയില്ല.
- ഒരു പടി അടച്ചാൽ ഒൻപതു പടി തുറക്കും.
- ഒന്നിച്ചു നിന്നാൽ മലയ്ക്കു സമം

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

6. "അടുക്കള മാത്രം ഭൂലോകമാക്കിക്കഴിയുന്ന അന്നത്തെ ഗൃഹനായികമാർ മിക്ക ദിവസങ്ങളിലും ഒഴിഞ്ഞ വയറുകളോടുകൂടെയാണ് ഉറക്കത്തിലേക്കു ചായുന്നത്."

(വഴിയാത്ര)

ഈ വാക്യത്തിൽ തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ കണ്ടെത്തി എഴുതുക.

7. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.**

മേഘങ്ങളുടെ വരവും പോക്കും മനുഷ്യബോധത്തിന് അജ്ഞാതമാണെന്ന ചിന്ത ബൈബിളിലുണ്ട്.

8. "സുപ്രഭാതത്തിങ്കലെക്കോകിലഗാനങ്ങളിൽ
കേൾപ്പൂ ഞാൻ നിൻ താരാട്ടിൻതേനൊലിസ്സംഗീതങ്ങൾ"

(കവിതയോട്)

കോകിലഗാനങ്ങളുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിലുള്ളത്? കണ്ടെത്തി എഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 x 4 = 20)**

9. • "നിങ്ങൾ ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും ഒരുപോലെ ആകുമ്പോഴാണ് നിങ്ങൾ യഥാർഥത്തിൽ സന്തുഷ്ടനാണ് എന്നു പറയുന്നത്."

- "അഹിംസ ഭീരുവിന്റെ ആയുധമല്ല; ധീരന്റേതാണ്."

(ഗാന്ധിജി)

ഗാന്ധിജിയുടെ ഈ നിരീക്ഷണങ്ങളും 'എന്റെ ഗുരുനാഥൻ' എന്ന കവിതയിലെ ആശയവും വിശകലനം ചെയ്ത് 'ഗാന്ധിജി ലോകത്തിന്റെ വഴികാട്ടി' എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

10. "........പൂത്ത ചമ്പകത്തെപ്പോൽ
നിവർന്നും കടഞ്ഞെടുത്തതുപോലുടമ്പാർന്നും,
ചിരിച്ചു മൂന്നുംകൂട്ടിപ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന നാളുകൾ ഞാനോർക്കുന്നൂ!"

(പെരുന്തച്ചൻ)

നാനിയുടെ സൗന്ദര്യം കവി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ? വിവരിക്കുക.

11. “എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?”

(കവിതയോട്)

കവി ഇപ്രകാരം നിരാശനായി വിലപിക്കുന്നത് എന്തുകൊണ്ടാവും? തന്നിരിക്കുന്ന വരികളും കവിതയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. “കേരളത്തുമൊഴിയെന്നു കേട്ടാൽ മതി,
കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം.”

(വെണ്ണിക്കുളം)

“ജനിക്കും നിമിഷം തൊട്ടെൻ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ-
ങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ.”

(കുഞ്ഞുണ്ണി)

രണ്ടു കാവ്യഭാഗങ്ങളിലെയും മാതൃഭാഷയോടുള്ള സമീപനം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

13. “ആയിരം മണിയുടെ നാക്കടക്കീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?”

(പെരുന്തച്ചൻ)

അസൂയമൂലം മകനെക്കൊന്ന പിതാവ് എന്ന കുറ്റാരോപണത്തിൽ ഹൃദയം തകർന്ന പെരുന്തച്ചന്റെ പ്രതികരണമാണിത്. ഈ വാക്കുകളിൽ തെളിയുന്ന സാമൂഹികവിമർശനം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

14. “വെള്ളക്കടലാസിരുന്നു മുഷിയുന്നു. പേന കോട്ടുവായിടുന്നു. കഷ്ടം ! കവിത വരുന്നില്ല.”

(കളിയച്ഛൻ ജനിക്കുന്നു)

ഇത്തരം പ്രയോഗങ്ങൾ പി. കുഞ്ഞിരാമൻനായരുടെ അപ്പോഴത്തെ മാനസികാവസ്ഥ അവതരിപ്പിക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 x 6 = 12)**

15. “ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ, മാ-
വേദം വിശപ്പെന്നറിഞ്ഞുകൊണ്ടാൽ
പൈയ്ക്കുന്ന പള്ളയ്ക്കിരതേടി വാടുന്ന
പാവത്തിൽ കാണാം പടച്ചവനെ.”

(വേദം)

“എല്ലാം അമ്മയിൽനിന്നു പഠിച്ചു. ജീവിതത്തിന്റെ നേർവഴികളിലൂടെ നടന്നു.”

(ഭൂമിയുടെ സ്വപ്നം)

മുകളിൽ നൽകിയ സന്ദർഭങ്ങളും പാഠഭാഗങ്ങളും വിശകലനം ചെയ്ത് ‘അമ്മ പകരുന്ന ജീവിത പാഠങ്ങൾ’ എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16. “നിങ്ങളെല്ലാം ഇന്ന് കാണുന്ന ഈ ജീവിതം സുയോധനൻ അന്നെനിക്ക് ദാനമായി നൽകിയ ജീവിതമാണ്.”

“ബന്ധംകൊണ്ടും ലോഭംകൊണ്ടും ഭയംകൊണ്ടും യാതൊന്നുകൊണ്ടും ഈ മാർഗത്തിൽ നിന്ന് കർണ്ണന് ഇനി പിന്മാറ്റമില്ല.” (ധർമ്മിഷ്ഠനായ രാധേയൻ)

മുകളിൽ നൽകിയ സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് കർണ്ണൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. ആശയം, പ്രയോഗഭംഗി തുടങ്ങിയവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

## മഴയുടെ തില്ലാന

മഴ പെയ്യുന്നൂ മഴ പെയ്യുന്നൂ
പുഴയിൽ മീനുകൾ തുള്ളുന്നൂ
ഇലയിൽ തകിലും മലയിൽ തപ്പും
കിണറിൽ തുടികളുമുണരുന്നൂ

കടലിൽനിന്നും പൊങ്ങിയ നീരേ
പുക പോലുയരെപ്പോവുന്നൂ
അവിടെയതിന്നു തണുക്കുന്നൂ
ചെറുതുള്ളികളായുറയുന്നൂ

പലതുള്ളികളൊരു പെരുതുള്ളി
മുകിലാ നീരിൻ കൂടാരം
കുളിരിൽ പിന്നതു തകരുമ്പോൾ
മണിമണിയായിപ്പെയ്യുന്നൂ

കുടവും കുളവും നിറയുന്നൂ
തവളകൾ കുരവയിടുന്നപ്പോൾ
മഴ പെയ്യുന്നൂ മഴ പെയ്യുന്നൂ
കടലിൽ തിരതൻ തില്ലാന!

(സച്ചിദാനന്ദൻ)